# ACADEMIC MASTER PLAN





# ആമുഖം

ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ തന്നെ നേടി എന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നിലവിൽ വന്നിരിക്കുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ആവശ്യമായ പിന്തുണ നൽകി അവരെ മുന്നേറാൻ പ്രാപ്തരാക്കുന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന പ്രതീക്ഷയോടെ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ ........

# ജി. എൽ. പി. എസ് മുളിഞ്ച

മംഗൽപാടി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ മഞ്ചേശ്വരം ബി. ആർ. സി സമീപമുള്ള മുളിഞ്ച എന്ന സ്ഥലത്ത് 1951-ൽ ആരംഭിച്ച പൊതുവിദ്യാലയമാണ് ജി. എൽ. പി. എസ് മുളിഞ്ച. തുടക്കത്തിൽ ഉപ്പള ബസ് സ്റ്റാൻഡിനടുത്ത് SBI ബാങ്കിന് താഴെ ഒരുമുറിയായി ആരംഭിച്ച വിദ്യാലയമായിരുന്നു. 1965-ൽ ഈ വിദ്യാലയം മുളിഞ്ച എന്ന സ്ഥലത്ത് ആരംഭിച്ചു. ഒന്നാം ക്ലാസുമുതൽ നാലാം ക്ലാസുവരെ നടത്താനുള്ള സൗകര്യം ഉണ്ടായി എല്ലാ പരാധീനതകൾക്കിടയിലും മുളിഞ്ച സ്കൂൾ ഇന്നു കാണുന്ന നിലയിലേക്ക് എത്തിച്ചേർന്നു.

ഏകദേശം 60 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ മലയാളം, കന്നട എന്നി ഭാഷകളിലായി 8 ഡിവിഷനുകൾ ഉണ്ട്. സ്കൂളിന്റെ ഇപ്പോഴത്തെ പ്രധാനാധ്യാപിക ശ്രീമതി ചിത്രാവതി ടീച്ചറാണ്. 9 അധ്യാപകർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
3. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
4. കൃഷി, പൂന്തോട്ടം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിനായി ക്ലാസ്തല സംഘങ്ങൾ രൂപീകരിക്കൽ
5. എല്ലാ കുട്ടികൾക്കും മലയാളം / കന്നട, ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
6. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസിൽ ഉപയോഗിക്കുക.
7. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.

# ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• ചിത്രവായന<br>• അക്ഷരകാർഡ് നൽകൽ<br>• പദകാർഡ് വായന. | ജൂൺ - ജൂലൈ | ചിത്രകാർഡുകൾ | SRG. |
| * കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക | • വായനാമൂല, ക്ലാസ് ലൈബ്രറി സജ്ജമാക്കൽ.<br>• പത്രവായന<br>• സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ<br>• പുസ്തക പ്രദർശനം<br>• വായനോത്സവം സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | പുസ്തകങ്ങൾ | SRG. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • കുട്ടികളെ അർത്ഥ പൂർണ്ണമായി വായിക്കാൻ പ്രാപ്തരാക്കുക. | • ഉച്ചഭാഷിണിയിലൂടെ അസംബ്ലിയിൽ ഒരുദിനം ഒരു കുട്ടിയുടെ വായന.<br>• പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു വായനാമൂലയിൽ സജ്ജീകരിക്കുന്നു. | | | |
| • എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | • പുസ്തക ചർച്ച<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ-മാർച്ച് | പുസ്തകങ്ങൾ. | ക്ലാസ് ടീച്ചർ |

# അധികപ്രവർത്തനങ്ങൾ

**ജൂൺ - ജൂലൈ**

* വായന, ദിനം
* മഴപ്പാട്ടുകൾ
* പഴഞ്ചൊല്ലുകൾ
* കടങ്കഥകൾ
* അഭിമുഖം
* ബഷീർ ദിനാചരണം.
* ബാല സഭ.

**ആഗസ്റ്റ് - ഡിസംബർ**

* സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ.
* കലോത്സവുമായി ബന്ധപ്പെട്ട പരിപാടികൾ
* അധ്യാപക ദിന പരിപാടികൾ.
* ഗാന്ധി ദിനം [കഥകൾ, കവിതകൾ,]
* ശിശുദിനം (ജവഹർലാൽ നെഹ്റു കഥകൾ, കവിതകൾ]
* ശേഖരണം. ചിത്രങ്ങൾ.
* ദിനശേഷി ദിനം കയ്യൊപ്പ് പതിപ്പിക്കൽ.

**ജനുവരി - മാർച്ച്**

* പ്രച്ഛന്ന വേഷം
* സ്വാതന്ത്ര്യ സമര സേനാനികളെ അറിയൽ.
* മാതൃഭാഷാദിനം പ്രാദേശികഭാഷയെ അറിയൽ.

| Aim | Activities | Duration | Materials | Support |
|---|---|---|---|---|
| 1) To develop reading skills<br><br>1) Develop the Creative speaking and writing | • Book reading<br><br>• Picture description<br>• Develop story<br>• English diary<br>• Thoughts<br>• Make riddles, Conversations<br>• Add more lines<br>• English Balasabha. | June<br>March. | | SRG<br><br>Class Teacher. |

| Aim | Activities | Duration | Materials | Support |
|---|---|---|---|---|
| To speak, Read and write English with out any mistakes | **Listening skills**<br>• Games<br>• Action songs<br>• Simple conversations<br>• Spoken English class<br>• Hello English Activities<br>• English Language Lab<br>• Conduct English assembly once in a week<br>• Reading cards. | June<br>March | | SRG<br>Class teacher |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതിക | പിന്തുണ |
| --- | --- | --- | --- | --- |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | * പ്രകൃതി നടത്തം<br>* പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ<br>* ഫീൽഡ്ട്രിപ്പുകൾ | ജൂൺ - മാർച്ച് | | SRG ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | * പൂന്തോട്ട നിർമ്മാണം<br>* ജൈവ വൈവിധ്യ പാർക്ക്<br>* അടുക്കളത്തോട്ടമൊരുക്കൽ<br>* അഭിമുഖം [കർഷകൻ] | ജൂൺ - മാർച്ച് | സ്കൂൾ പരിസരം ചോദ്യാവലി | SRG ക്ലാസ് ടീച്ചർ രക്ഷിതാക്കൾ |
| ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക | * ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ<br>* പരീക്ഷണം നടത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | പുസ്തകങ്ങൾ പരീക്ഷണ സാമഗ്രികൾ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗ | * ശാസ്ത്ര ചാർട്ട്<br>* ശാസ്ത്ര മാസിക<br>* പരീക്ഷണ പ്രദർശനം | ആവശ്യാനുസരണം | | ക്ലാസ് ടീച്ചർ |

## അധിക പ്രവർത്തനങ്ങൾ

* കൃഷി പരിപാലനം
* മോഡൽ നിർമ്മാണം [ചാന്ദ്രദിനം]
* പലഹാരമേള [ഒക്ടോബർ 16 ഭക്ഷ്യദിനം]
* അവബോധ ക്ലാസുകൾ [ആവശ്യാനുസരണം]
* ക്വിസുകൾ [ആവശ്യാനുസരണം]
* പോസ്റ്റർ, മുദ്രാവാക്യങ്ങൾ രചന [ആവശ്യാനുസരണം]
* അഭിമുഖം [കലാകാരൻമാർ]
* പ്രദർശനം [കലകൾ] [കൃഷി ആയുധങ്ങൾ] [ആഭരണങ്ങൾ]
* ഭൂപട വായന [ജിഗ്സോ]
* ശാസ്ത്രജ്ഞരെ അറിയൽ ചിത്ര പ്രദർശനം ICT
* കൊളാഷ് [സ്വാതന്ത്ര്യ സമര സേനാനികൾ]

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ, തുടങ്ങിയവ) | ജൂൺ | മഞ്ചാടി, കളിനോട്ട്, കാർഡുകൾ. | SRG, ക്ലാസ്ടീച്ചർ |
| ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | • പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് തയ്യാറാക്കൽ.<br>• കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | ജൂൺ - മാർച്ച് | വർക്ക്ഷീറ്റ് | SRG. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | വിന്യം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്ക പരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ - മാർച്ച് | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ശിൽപ ശാലകൾ, സംഘടിപ്പിക്കൽ, ഗണിത ചന്ത. | ജൂൺ - മാർച്ച്. | | |

* ഗണിത കേളികൾ
* മഞ്ചാടി സഞ്ചി
* സംഖ്യാ ഗാനങ്ങൾ
* അബാക്കസ്
* ഗണിത പാറ്റേണുകൾ
* ജ്യാമിതീയ രൂപങ്ങൾ - മാതൃകാ നിർമ്മാണം
* പസിലുകൾ
* ഉല്ലാസ ഗണിതം